**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **07-10-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ വികസന മുന്നേറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷമായി 2025-26 ആചരിക്കുന്ന വേളയിൽ കേരളത്തിലെ ആദിവാസി മേഖലയിലുണ്ടായ വികസന മുന്നേറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | **കേരളത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷമായി 2025-26 ആചരിക്കുന്ന വേളയിൽ കേരളത്തിലെ ആദിവാസി മേഖലയിൽ ഉണ്ടായ നിരവധി മുന്നേറ്റങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.** |
| (ബി) | പൊതു സമൂഹത്തിലെ ജനവിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സാമൂഹ്യ-സാമ്പത്തിക അവസ്ഥകളിലും തുല്യ നിലയിലുള്ള ഒരു സമൂഹമായി കേരളത്തിലെ ആദിവാസി സമൂഹത്തെ ഉയർത്തിക്കൊണ്ട് വരുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (ബി) | **പൊതു സമൂഹത്തിലെ ജനവിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സാമൂഹ്യ-സാമ്പത്തിക അവസ്ഥകളിലും തുല്യ നിലയിലുള്ള ഒരു സമൂഹമായി കേരളത്തിലെ ആദിവാസി സമൂഹത്തെ ഉയർത്തിക്കൊണ്ട് വരുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.**<br><br>**2025-26 സാമ്പത്തിക വർഷത്തിൽ കിർടാഡ്സ് വകുപ്പ് മുഖേന ട്രെയിനിംഗ് ഓൺ വീൽസ്, ഉന്നതിതല സംഗമം, കേരള ട്രൈബൽ കോൺഗ്രസ്, ട്രൈബൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ എന്നിങ്ങനെ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.** |
| (സി) | തദ്ദേശ ജനതയുടെ അറിവ് സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശീയ വൈദ്യത്തെയും തദ്ദേശീയ വിത്തിനങ്ങളെയും കൃഷിയെയും കണ്ണാടിപ്പായപോലുള്ള കരകൗശല വസ്തുക്കളെയും ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ? | (സി) | **പട്ടികജാതി- പട്ടികവർഗ്ഗ- കിർടാഡ്സ് വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക പോലുള്ള മേളകൾ, തദ്ദേശീയ ജനതയുടെ അറിവുകൾ സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും, അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വലിയ പങ്കുവഹിക്കുന്നു.**<br><br>**തദ്ദേശീയ സമൂഹത്തിന്റെ കലകളും അറിവുകളും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, തദ്ദേശീയരുടെ തനത് കലാരൂപങ്ങൾ, പരമ്പരാഗത വൈദ്യത്തിലെ അറിവുകൾ, ജീവിതശൈലി എന്നിവ പൊതുസമൂഹത്തിന്** |

| | | | |
|---|---|---|---|
| | | | പരിചയപ്പെടുത്തുന്നതിനും ഇത്തരം മേളകൾ സഹായകരമാകുന്നു. കണ്ണാടിപ്പായ പോലുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും വിൽപനയും ഇത്തരം മേളകളിൽ ഉൾപ്പെടുത്തുന്നതിലൂടെ, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനം നേടുന്നതിനും അവസരം ലഭിക്കുന്നു.<br><br>തദ്ദേശീയ വൈദ്യത്തെ പ്രോൽസാഹിപ്പിക്കുന്നതിന് പരമ്പരാഗത തദ്ദേശീയവൈദ്യൻമാർക്ക് സാമ്പത്തിക സഹായവും നൽകി വരുന്നു. തദ്ദേശീയ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് CMD- യുടെ സഹായത്തോടെ ഹരിത രശ്മി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നമത് വെള്ളാമെ പദ്ധതികളും നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമത്തിനായി ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും ട്രൈബൽ വെൽഫയർ ഡിപ്പാർട്ട്മെന്റ് ആയി 01.07.1975 മുതൽ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യമാക്കിയും, സാമൂഹ്യപുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തിൽ ഊന്നൽ നൽകി വിവിധ വികസനക്ഷേമപദ്ധതി നടപ്പിലാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രവർത്തിക്കുന്നു. അഞ്ചാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി 1974–75 മുതലാണ് പട്ടികവർഗ വിഭാഗത്തിന് മാത്രമായിട്ടുള്ള പട്ടികവർഗ ഉപപദ്ധതിയും സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സംസ്ഥാനത്തെ ആദ്യത്തെ സംയോജിത പട്ടികവർഗ വികസന പ്രോജക്ട് (ഐ.റ്റി.ഡി.പി) അട്ടപ്പാടിയിൽ ആരംഭിച്ചതും 1975–ലാണ്.

ഏതൊരു സമ്പദ് വ്യവസ്ഥയുടെയും വികസന പദ്ധതികളുടെ അടിത്തറ അവിടെയുള്ള ഓരോ ജനവിഭാഗത്തിന്റെയും പ്രത്യേകം പ്രത്യേകമായുള്ള സ്വയം പര്യാപ്തത കൈവരിക്കാനുള്ള ശേഷിയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിലെ അസമത്വങ്ങൾ ഇല്ലാതാക്കി അവരുടെ സാമ്പത്തിക വളർച്ച. സാമൂഹിക ശാക്തീകരണം, വിദ്യാഭ്യാസം, മെച്ചപ്പെട്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഉറപ്പാക്കൽ, തനതായ കലാ-സാസ്കാരിക-പൈതൃകങ്ങളുടെ ഉദ്ബോധനം, കായികശേഷി പരിപോഷിപ്പിക്കൽ, ശുദ്ധജലലഭ്യത, ആരോഗ്യപരമായ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ആയത് നടപ്പിലാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

Rav

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

വിദ്യാഭ്യാസരംഗത്ത് നഴ്സറിതലം മുതൽ പൈലറ്റ് പരിശീലനകോഴ്സുകളിൽ വരെ പഠനസഹായം ഉറപ്പാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐടി.ഐകൾ, നഴ്സറിസ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി വിദ്യാഭ്യാസപ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്ന നിരവധി സ്ഥാപനങ്ങൾ വകുപ്പിന്റെ അഭിമാനമായി നിലവിലുണ്ട്. സാമൂഹ്യപഠനമുറി, സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യം, എൻട്രൻസ് പരിശീലനം, ലാപ്ടോപ്പ്, പാരലൽ കോളേജിലെ പഠനസഹായം, സിവിൽ സർവ്വീസ് പരിശീലനം, മത്സരപരീക്ഷാപരിശീലനം തുടങ്ങിയവ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളിൽ ചിലതാണ്. പിന്നാക്ക സമുദായങ്ങൾക്കൊപ്പം സാമ്പത്തികമായി പിന്നിലുള്ള മുന്നാക്ക സമുദായങ്ങളും വിദ്യാഭ്യാസ പദ്ധതികളുടെ ഗുണഭോക്താക്കളാണ്.

സാമ്പത്തിക വികസന പദ്ധതികളിൽ അഭിഭാഷക പരിശീലന സഹായം, അപ്രൻറീഷിപ്പ്, ഉൽപന്ന പ്രദർശനമേള, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി എന്നിവ ഉൾപ്പെടുന്നു. വിവാഹധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ഭവനപൂർത്തീകരണം, ചികിത്സാധനസഹായം, ഏകവരുമാനദായകൻ അന്തരിച്ച കുടുംബത്തിനുള്ള ധനസഹായം തുടങ്ങി വ്യത്യസ്തമായ സാമൂഹ്യ ക്ഷേമപദ്ധതികളും നടപ്പാക്കി വരുന്നു. സാംസ്കാരിക മേഖലയിലെ ഉണർവ്വിനായി നടപ്പിലാക്കുന്ന നാടൻ കലാമേളയായ ഗദ്ദിക, സർഗ്ഗോത്സവം, കായിക പ്രോത്സാഹനത്തിനായി കളിക്കളം തുടങ്ങിയവ പൊതുസമൂഹത്തിലാകെ ശ്രദ്ധേയമാണ്. അതിക്രമം തടയൽ നിയമം കർശനമായി നടപ്പാക്കുന്നതിനായി പ്രത്യേക ഇടപെടലുകളും വകുപ്പ് നടത്തിവരുന്നു.

എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമിയും വീടും, വീട്ടിലൊരാൾക്ക് സ്ഥിരവരുമാനമുള്ള തൊഴിലും ഉറപ്പാക്കുന്നതോടൊപ്പം സാമൂഹ്യസുരക്ഷിതത്വം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, അടിസ്ഥാനസൗകര്യവികസനം എന്നിവ ലഭ്യമാക്കുന്നതിനായും ബൃഹത്തായ പദ്ധതികൾ ആവിഷ്കരിച്ച് ആയത് നടപ്പിലാക്കി തദ്ദേശീയരെ പൊതു സമൂഹത്തിലേയ്ക്ക് ഉയർത്തികൊണ്ടുവരാൻ പട്ടികവർഗ്ഗ വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം – 3**

**1.** ഗദ്ദിക

വയനാട്ടിലെ അടിയ ഗോത്ര വർഗ്ഗ വിഭാഗത്തിന്റെ അടിസ്ഥാന കലാരൂപമാണ് "ഗദ്ദിക". നന്മയുടെ വരവിന് തുടക്കം കുറിക്കുന്ന ആചാരമായിട്ടാണ് "ഗദ്ദിക" കണക്കാക്കി വരുന്നത്. അതുകൊണ്ടു തന്നെയാണ് പട്ടികവിഭാഗങ്ങളുടെ പരമ്പരാഗത കലാരൂപങ്ങളും ഉൽപ്പന്നങ്ങളും നാട്ടറിവും പ്രദർശിപ്പിക്കുന്ന മേളയ്ക്ക് ഗദ്ദിക എന്ന പേര് നൽകിയത്. പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പുകളുടെയും കിർടാഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്ന ഈ മേളയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ, കൂട്ടസംരംഭങ്ങളായോ വ്യക്തിപരമായോ ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയത് വിറ്റഴിക്കുന്നതിനുമുള്ള അവസരമൊരുക്കുകയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ള നാടൻകലാമേളയും അവരുടെ ഗോത്രരീതിയിലുള്ള നാടൻ ഭക്ഷണരീതി, വംശീയ ചികിത്സാ രീതികൾ ആവിക്കുളി,പവലിയനുകൾ, മെഗാ ഷോകൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നതാണ് ടി പ്രദർശന വിപണനമേളയുടെ ലക്ഷ്യം ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണി കണ്ടെത്തുന്നതിനും അന്യംനിന്ന് കൊണ്ടിരിക്കുന്ന പരമ്പരാഗത കലകൾ സംരക്ഷിക്കുന്നതിനും അവ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമോടൊപ്പം ഈ വിഭാഗത്തിലുള്ളവർക്ക് വരുമാനം ലഭിക്കാനും സാധ്യമാകുന്നു.

**2.** ഹരിത രശ്മി

പട്ടികവർഗ ജനവിഭാഗങ്ങളുടെ കൈവശമുള്ളതും വിനിയോഗിക്കാതെ കിടക്കുന്നതുമായ ഭൂമിയെ കൃഷിയോഗ്യമാക്കി അനുയോജ്യമായ കൃഷികൾ ശാസ്ത്രീയമായി ചെയ്യുന്നതിന് പ്രോത്സാഹനം നൽകാനായി ആവിഷ്ക്കരിച്ച കാർഷിക പദ്ധതിയാണിത്. വയനാട്ടിലും ഇടുക്കിയിലുമാണ് ഹരിത രശ്മി പ്രവർത്തനങ്ങൾ ആരംഭിച്ചത്. 3000 കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്ന നിലയിൽ തുടങ്ങിയ ഈ പദ്ധതി **The Centre for Management Development (CMD)**-യുടെ സഹായത്തോടെയാണ് നിർവഹണം നടത്തുന്നത്.

**3.** നമത് വെള്ളാമെ – അട്ടപ്പാടി

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ശാശ്വതമായ പരിഹാരം ജൈവകൃഷിയിലൂടെ കണ്ടെത്തുന്നതിന് സ്വന്തമായി ഭൂമിയുള്ള കൃഷി ചെയ്യുവാൻ താൽപര്യമുള്ള കർഷകർക്ക് ചെറുധാന്യങ്ങൾ, പയറ് വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി 2019 മുതൽ അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നമത് വെള്ളാമെ .

ടി പദ്ധതിയിലൂടെ അട്ടപ്പാടിയിൽ തരിശ്ശായി കിടന്ന 1300 ഏക്കർ ഭൂമി കൃഷി നിലങ്ങളായി മാറ്റുന്നതിന് 2019-20 വർഷം മുതൽ കാർഷിക പ്രവൃത്തികൾ നടപ്പിലാക്കുന്നതിലൂടെ പരമ്പരാഗത ഭക്ഷണരീതിയിലേക്ക് പട്ടികവർഗ്ഗക്കാർക്ക് താൽപര്യം വന്നിട്ടുണ്ട്. അതിലൂടെ പോഷകാഹാരക്കുറവ്, ശിശുമരണം എന്നിവ പരിഹരിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തരിശുഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കുന്നതിനും സാധിച്ചിട്ടുണ്ട് നാളിതുവരെ 34 ഫീൽഡുകളിൽ 1300 ഏക്കർ സ്ഥലത്ത് പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ തനതുകൃഷി സംരക്ഷിക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു ഇതിലൂടെ ലഭിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങളുടെ സംസ്കരണവും, വിപണനവും അട്ടപ്പാടിയിലെ കൃഷി ഉത്പന്നങ്ങളെ അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിന് വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

**4.** പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തികസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി നൽകുന്നു. കിർത്താഡ്സ് വകുപ്പിന്റെ സഹായത്തോട്ടുകൂടിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവരുന്നത്. തുക ഡി.ബി.റ്റി സംവിധാനം വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നു. അടുത്ത തലമുറയ്ക്ക് അറിവ് പകർന്നു നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നു.

സെക്ഷൻ ഓഫീസർ